# ബ്യൂഗിളും തേങ്ങലും

ഗുജറാത്തിലെ വർഗ്ഗീയ താണ്ഡവത്തിനെതിരെ ഒരക്ഷരം മിണ്ടാത്ത ബി.ജെ.പിയും അവരുടെ കീറാ മാറാപ്പായി തൂങ്ങിക്കിടക്കുന്ന ഘടക കക്ഷികളും മാത്രമാണ് ഇന്നത്തെ യുദ്ധ ഭ്രാന്തിലെ വിജയികൾ. ധാർമ്മികാടിത്തറ നഷ്ടപ്പെട്ട സർക്കാറിന് കാശ്മീർ ഭീകരരുടെ അടുത്ത കാലത്തെ അക്രമങ്ങൾ സ്വന്തം കാൽച്ചുവട്ടിൽ നിന്നൊഴുകി പോകുന്ന മണ്ണ് പിടിച്ചു നിർത്തുന്നതിനുള്ള ഉപാധിയായി.

ലോകത്തിനു മുന്നിൽ നാണം കെട്ട ഭരണാധികാരികൾക്ക് ഭരണ നയം ചരിത്രത്തിലെ പഴയ ദുഷ്ട മാർഗ്ഗം തന്നെയായി. ഗുജറാത്തിലെ അതിക്രൂര ഭീകരതയിലെ ഇരകളുടെ പേരുവിവരങ്ങൾ തിരിച്ചറിയാൻ തുടങ്ങിയപ്പോഴാണ് അതിർത്തിയിൽ യുദ്ധമുറവിളി മുഴങ്ങുന്നതെന്ന കാര്യം ഓർക്കേണ്ടതുണ്ട്. ഗുജറാത്തിൽ സ്ത്രീകൾക്കെതിരെയുള്ള ക്രൂരതക്കു നേരെ കണ്ണടച്ചു നിൽക്കുന്നവർക്ക് തീരാവേദനയിൽ ഭ്രാന്ത് പിടിച്ച് ദിവസങ്ങൾ തള്ളിനീക്കുന്ന ഖാലിക്ക് നൂർ മുഹമ്മദ് ഷേക്കിനെപ്പോലുള്ളവരുടെ അനുഭവ സാക്ഷ്യത്തിന് എന്ത് മറുപടിയാണ് പറയാനുള്ളത്.

ഷേക്കിന്റെ ഗർഭിണിയായ മകൾ കൂസർബാനോയുടെ വയറുകത്തിക്കീറുകയും ഭ്രൂണ ശിശുവിനെ പറിച്ചെടുത്ത് അവരുടെ മുന്നിൽ തന്നെ തീയിലിട്ട് പിന്നീട് കൂസറിനേയും അഗ്നിക്കിരയാക്കിയ കൊടും ക്രൂരത. ഈ കൂസർബാനോയുടെ ഇന്ത്യയാണ് ധർമ്മയുദ്ധത്തിന് കോപ്പുകൂട്ടുന്നത്.( 'ദ ഹിന്ദു ' ദിനപത്രത്തിൽ സി.മനോഹർ റെഡ്ഡി എഴുതിയ 'ദ റോഡ് ടു ഗയിൻ' എന്ന ലേഖനത്തിൽ നിന്ന്.)

സമ്പാ: *പി. റ്റി. ജേക്കബ്*